**രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2022-'23**

**സാമൂഹ്യശാസ്ത്രം IX**

**ഉത്തരസൂചിക**


**COLIN JOSE .E**
**DR.AMMR GOVT HSS, KATTELA**
**THIRUVANANTHAPURAM**

**BIJU. M**
**GHSS PARAPPA**
**KASARGOD**


| Qn no | ഉത്തര സൂചിക | Score |
|---|---|---|
| **1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം** | | |
| **1** | A) തിരാദൈർഘ്യം<br>B) തിരാതടം | **2** |
| **2** | • അഷ്ടപ്രധാൻ<br>• സചീവൻ | **2** |
| **3** | • അപരദനം - കൂൺശിലകൾ<br>• നിക്ഷേപണം - ബർക്കനകൾ | **2** |
| **4** | ➢ ഇത് ഒരു ശരാശരി വരുമാനമാണ്.<br>➢ സമ്പത്തിന്റെ തുല്യമയ വിതരണവും അതുവഴിയുണ്ടാകുന്ന സാമൂഹികക്ഷേമവും ഇത് പരിഗണിക്കുന്നില്ല<br>➢ വിദ്യാഭ്യാസം, പോഷകാഹാരലഭ്യത, ആരോഗ്യസംരക്ഷണം തുടങ്ങിയ ജീവിതഗുണമേന്മ ഘടകങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നില്ല | **2** |
| **5** | ◆ **സ്വരാജ്യം** -മറാത്താക്കാരുടേതായ ഭൂപ്രദേശം<br>◆ **മൊഗളൈ** - മറ്റുള്ളവരിൽനിന്ന് ആക്രമിച്ച് കീഴടക്കിയ പ്രദേശം | **2** |
| **6** | ✔ മിയാൻഡറുകൾ<br>✔ ഓക്സ് -ബോ തടാകങ്ങൾ | **2** |
| **7** | (a) മാർവാടികൾ,ഗുജറാത്തികൾ<br>(b) കരവഴിയുള്ള വാണിജ്യം | **2** |
| **8** | • ദൈവഭക്തിയെ അടിസ്ഥാനമാക്കി ഉയർന്ന് വന്ന<br>• യാഥാസ്ഥിതിക ബ്രാഹ്മണ പാരമ്പര്യങ്ങളെ വെല്ലുവിളിച്ച<br>• സ്ത്രീകൾക്കും കീഴ്ജാതിക്കാർക്കും പ്രാതിനിധ്യം നൽകി<br>• സാഹിത്യത്തിലും സംഗീതത്തിലും സംഭാവനകൾ നൽകി<br>• ഭക്തകവികളായ സന്യാസിമാരായിരുന്ന പ്രചാരകർ | **2** |
| **9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം** | | |
| **9** | ■ **രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിന് പൗരന്മാർ രാഷ്ട്രത്തോട് നിറവേറ്റേണ്ട കടമകളാണ് മൗലികകർത്തവ്യങ്ങൾ**<br>• ദേശീയഗാനം ആലപിക്കുമ്പോൾ എഴുന്നേറ്റ് നിൽക്കുക<br>• ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുക<br>• ജനങ്ങൾക്കിടയിൽ സൗഹാർദ്ദം വളർത്തുക | **3** |

| | | |
|---|---|---|
| | • പരിസ്ഥിതി സംരക്ഷിക്കുക | |
| **10** | ➢ മഴക്കാലത്ത് നദി ഒഴുകുന്ന ചാലിന്റെ ഇരു കരകളിലേക്കും ഏറെ ദൂരം പ്രളയജലം എത്തുന്നു<br>➢ ഇങ്ങനെ പ്രളയബാധിതമാകുന്ന ഇരുകരകളിലും എക്കൽ നിക്ഷേപിച്ച് രൂപംകൊള്ളുന്ന സമതലങ്ങളാണ് പ്രളയസമതലങ്ങൾ<br>• ഫലഭൂയിഷ്ഠമായ എക്കൽ മണ്ണ് കൃഷിക്ക് അനുയോജ്യമാണ്<br>• സമതലങ്ങൾക്ക് സമീപമായുള്ള ജലലഭ്യത കൃഷിക്ക് അനുയോജ്യമാണ് | **3** |
| **11** | ✔ ചർക്കയുടെ ഉപയോഗം തുണിനിർമാണരംഗത്തെ പുരോഗതിയെ സഹായിച്ചു<br>✔ ചവിട്ടിപ്രവർത്തിപ്പിക്കുന്ന തറിയുടെ കണ്ടുപിടിത്തം<br>✔ പട്ടുനൂൽപ്പുഴുക്കളിൽനിന്ന് നൂലുണ്ടാക്കുന്ന സാങ്കേതികവിദ്യ<br>✔ ലോഹസംസ്കാരണം , ഖനനവ്യവസായം<br>✔ ഇരുമ്പുകൊണ്ടുള്ള ലാടം<br>✔ കുതിരയുടെ മുതുകിൽ തൂക്കിയിടുന്ന ഇരുമ്പു ചവിട്ടുപടി | **3** |
| **12** | ◆ **പ്രകൃതിവിഭവങ്ങൾ ഒരു തലമുറയ്ക്ക് മാത്രം അനുഭവിക്കാനുള്ളതല്ല, വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് എന്ന കാഴ്ചപ്പാട് .**<br>**<u>ലക്ഷ്യങ്ങൾ</u>**<br>■ പാരിസ്ഥിതികലക്ഷ്യങ്ങൾ<br>■ സാമ്പത്തികലക്ഷ്യങ്ങൾ<br>■ സാമൂഹികലക്ഷ്യങ്ങൾ | **3** |
| **13** | ◆ ഉപ്പളങ്ങളിൽ കടൽവെള്ളം കയറ്റാൻ കഴിയുന്നു<br>◆ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു<br>◆ ആഴം കുറഞ്ഞ തുറമുഖങ്ങളിൽ കപ്പലുകൾ അടുപ്പിക്കാൻ കഴിയുന്നു<br>◆ തുറമുഖങ്ങളിലും സമുദ്രതീരങ്ങളിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ സമുദ്രത്തിന്റെ ഉൾഭാഗങ്ങളിലേക്ക് നീക്കം ചെയ്യപ്പെടുന്നു<br>◆ നദീമുഖങ്ങളിൽ ഡെൽറ്റകൾ രൂപംകൊള്ളുന്നത് തടസ്സപ്പെടുന്നു<br>◆ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു | **3** |
| **14** | <table><tr><th>A</th><th>B</th></tr><tr><td>മീരാഭായി</td><td>(a)രാജസ്ഥാൻ</td></tr><tr><td>(b)ലാൽദേദ്</td><td>കാശ്മീർ</td></tr><tr><td>അക്കാമഹാദേവി</td><td>(c)കർണാടകം</td></tr></table> | **3** |
| **15** | ✔ ജാതിവ്യവസ്ഥയെ എതിർത്തു<br>✔ സ്ത്രീ പുരുഷ സമത്വത്തിന് പ്രാധാന്യം നൽകി.<br>✔ വിധവാ വിവാഹം, മിശ്രഭോജനം, പ്രായപൂർത്തി വിവാഹം, എന്നിവയെ പ്രോത്സാഹിപ്പിച്ചു.<br>✔ പുനർജന്മ സിദ്ധാന്തത്തെ ചോദ്യം ചെയ്തു.<br>✔ സ്വാതന്ത്ര്യം സാമൂഹിക നീതി എന്നീ ആശയങ്ങൾ പ്രചരിപ്പിച്ചു.<br>✔ അധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു. | **3** |

<table>
<tr><th colspan="3">16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം</th></tr>
<tr><td>16</td><td>
<ul>
<li>കാവേരിനദിയിലെ ജലസമൃദ്ധി</li>
<li>കൈവഴികളിലൂടെ ഒഴുകിയെത്തുന്ന എക്കൽ മണ്ണ്</li>
<li>ജലസേചനത്തിനായി ചോളരാജാക്കന്മാർ നിർമ്മിച്ച കനാലുകൾ</li>
<li>കാർഷിക പുരോഗതി ലക്ഷ്യമിട്ട് പ്രവർത്തിച്ചിരുന്ന സമിതികൾ</li>
</ul>
</td><td>4</td></tr>
<tr><td>17</td><td>
<table>
<tr><th>ഉഷ്ണജലപ്രവാഹം</th><th>ശീതജലപ്രവാഹം</th></tr>
<tr><td><ul><li>ബ്രസീൽ പ്രവാഹം</li><li>ഗൾഫ് സ്ട്രീം</li></ul></td><td><ul><li>ലാബ്രഡോർ പ്രവാഹം</li><li>ഹംബോൾട്ട് പ്രവാഹം</li></ul></td></tr>
</table>
</td><td>4</td></tr>
<tr><td>18</td><td>
<table>
<tr><th>സാമ്പത്തിക വളർച്ച</th><th>സാമ്പത്തികവികസനം</th></tr>
<tr><td><ul>
<li>ഉൽപാദനത്തിലും വരുമാനത്തിലുമുള്ള വർധനവ്</li>
<li>ദേശീയവരുമാനത്തിലെ വളർച്ചയാണ് അളവുകോൽ</li>
<li>സംഖ്യാപരമായി സൂചിപ്പിക്കുന്നു</li>
<li>സാമ്പത്തികഘടകങ്ങൾക്ക് മാത്രം ഊന്നൽ നൽകുന്നു</li>
<li>വളർച്ച ഹ്രസ്വകാലയളവിൽ സംഭവിക്കുന്നതാണ്</li>
</ul></td><td><ul>
<li>ജീവിതഗുണനിലവാരത്തിൽ ഉണ്ടാകുന്ന ഉയർച്ച</li>
<li>ഭൗതികജീവിതഗുണനിലവാര സൂചിക , മാനവവികസന സൂചിക എന്നിവയെ അളവുകോലാക്കുന്നു</li>
<li>ഗുണപരമായ മാറ്റം സൂചിപ്പിക്കുന്നു</li>
<li>സാമ്പത്തികവും സാമൂഹികവുമായ ഘടകങ്ങൾക്ക് ഊന്നൽ നൽകുന്നു</li>
<li>വികസനം ദീർഘകാലയളവുകൊണ്ട് സംഭവിക്കുന്നതാണ്</li>
</ul></td></tr>
</table>
</td><td>4</td></tr>
<tr><td>19</td><td>
<ul>
<li>അവശ്യ സാധനങ്ങളുടെ വിലസർക്കാർ നിശ്ചയിച്ചു.</li>
<li>പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും നടത്തുന്നവർക്ക് കഠിനശിക്ഷ നൽകി.</li>
<li>അളവുകളും തൂക്കങ്ങളും ഏകീകരിച്ചു.</li>
<li>സർക്കാർ ധാന്യപ്പുരകൾ സ്ഥാപിച്ച് കർഷകരിൽ നിന്ന് ധാന്യങ്ങൾ വാങ്ങി സൂക്ഷിച്ചു.</li>
<li>ധാന്യങ്ങൾ ക്ഷാമകാലത്ത് മിതമായ വിലക്ക് വിതരണം ചെയ്തു.</li>
</ul>
</td><td>4</td></tr>
<tr><td>20</td><td>
<ul>
<li>ജലത്തിന്റെ അളവ്</li>
<li>ശിലാഘടന</li>
<li>പ്രദേശത്തിന്റെ ചരിവ്</li>
<li>അവസാദങ്ങളുടെ അളവ്</li>
</ul>
</td><td>4</td></tr>
<tr><td>21</td><td>
<table>
<tr><th>A</th><th>B</th></tr>
<tr><td>മാൻസബ്ദാരി സമ്പ്രദായം</td><td>അക്ബർ</td></tr>
<tr><td>അഷ്ടപ്രധാൻ</td><td>ശിവജി</td></tr>
<tr><td>അമുക്തമാല്യദ</td><td>കൃഷ്ണദേവരായർ</td></tr>
<tr><td>ഇഖ്ത സമ്പ്രദായം</td><td>സൽത്തനത്ത് ഭരണം</td></tr>
</table>
</td><td>4</td></tr>
</table>

| | | |
|---|---|---|
| **22** | ■ കടൽവെള്ളത്തിലടങ്ങിയിരിക്കുന്ന ലവണാംശത്തിന്റെ സാന്ദ്രീകരണം ***ലവണത്വം*** എന്നറിയപ്പെടുന്നു<br>• കരയാൽ ചുറ്റപ്പെട്ട കടൽഭാഗങ്ങളിൽ ലവണത്വം കൂടുതലായിരിക്കും<br>• ഉയർന്ന അളവിൽ ബാഷ്പീകരണം നടക്കുന്ന പ്രദേശങ്ങളിൽ ലവണത്വം കൂടുന്നു<br>• ഉയർന്ന അളവിൽ മഞ്ഞുരുകി ജലം എത്തുന്ന സമുദ്രഭാഗങ്ങളിൽ ലവണത്വം കുറയുന്നു<br>• ധാരാളം നദികൾ വന്നുചേരുന്ന സമുദ്രഭാഗങ്ങളിൽ ലവണത്വം കുറയുന്നു<br>• ഉയർന്ന അളവിൽ മഴ ലഭിക്കുന്നത് ലവണത്വം കുറയുന്നതിന് ഇടയാക്കുന്നു | **4** |
| **23** | • കാർഷിക-വാണിജ്യ പുരോഗതി<br>• ജനസംഖ്യയിൽ ഉണ്ടായ വർധനവ്<br>• തുകൽപ്പണിക്കർ,പാചകക്കാർ,നെയ്ത്തുകാർ തുടങ്ങിയ വിവിധ വിഭാഗങ്ങൾ നഗരങ്ങളിലേക്ക് കി=കുടിയേറിയത്<br>• യുദ്ധങ്ങളിൽ പിടിച്ചെടുത്ത അടിമകളെ ധാരാളമായി നഗരങ്ങളിലേക്ക് കൊണ്ടുവന്നത്<br>• നഗരങ്ങളിൽ എത്തിചേർന്ന ജനവിഭാഗങ്ങളിലൂടെ കരകൗശലവ്യവസായങ്ങൾ പുരോഗതിപ്രാപിച്ചത് | **4** |
| **24** | ➔ മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാകുന്നു<br>➔ കൂടുതൽ പേർ വിദ്യാഭ്യാസം നേടുന്നു<br>➔ മികച്ച വിദ്യാഭ്യാസം ലഭിച്ചവർക്ക് നല്ല തൊഴിൽ സാധ്യത ഉണ്ടാകുന്നു<br>➔ ജോലി ലഭിക്കുമ്പോൾ വരുമാനവും വാങ്ങൽ ശേഷിയും വർദ്ധിക്കുന്നു<br>➔ മികച്ച ജീവിതസൗകര്യങ്ങൾ നേടാൻ കഴിയുന്നു | **4** |
| **25** | • ഹിന്ദുമതവും ഇസ്ലാം മതവും തമ്മിൽ സാഹോദര്യബന്ധം വളർത്താൻ ശ്രമിച്ചു<br>• ജാതി, മതം , വർണ്ണം, കുടുംബം, സമ്പത്ത് തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തെ എതിർത്തു<br>• മാനവിക ഐക്യത്തിന് ഊന്നൽ നൽകി<br>• വിഗ്രഹാരാധന , തീർഥാടനം, പുണ്യസ്നാനം എന്നിവയെ നിരാകരിച്ചു<br>• സന്യാസം സ്വീകരിക്കുന്നതിനായി ഗാർഹിക ജീവിതം ഉപേക്ഷിക്കുന്നതിനെ അനുകൂലിച്ചില്ല | **4** |
| **ചോദ്യം 26 നും 27 നും 6 സ്കോർ വീതം** | | |
| **26** | <u>**കാലാവസ്ഥ**</u><br>• പകൽ സമയത്ത് വീശുന്ന കടൽ കാറ്റും രാത്രി കാലങ്ങളിലെ കര കാറ്റും തീരപ്രദേശങ്ങളിലെ താപനിലയെ നിയന്ത്രിക്കുന്നു.<br>• മഴ, കാറ്റ്, ചക്രവാതം തുടങ്ങിയ കാലാവസ്ഥാ പ്രതിഭാസങ്ങളുടെ രൂപീകരണത്തിൽ സമുദ്രങ്ങൾക്ക് പങ്കുണ്ട്.<br>• തീരപ്രദേശങ്ങളിൽ മിതമായ കാലാവസ്ഥ അനുഭവപ്പെടുന്നു.<br><u>**കുടിവെള്ളം**</u><br>• കടൽ വെള്ളത്തെ ശുദ്ധീകരിച്ച് കുടിവെള്ളമാക്കാം.<br>• കടൽ വെള്ളം ശുദ്ധീകരിക്കാനുള്ള വിവിധ മാർഗ്ഗങ്ങളാണ് സ്വേദനം, ബാഷ്പീകരണം, സാന്ദ്രീകരണം, ഇലക്ട്രോ ഡയാലിസിസ്, വിപരീത ഓസ്മോസിസ്. | **6** |

| | | |
|---|---|---|
| | • ഇന്ത്യയിൽ ചിലയിടങ്ങളിൽ സമുദ്രജല സ്വേദനം എന്ന മാർഗ്ഗമുപയോഗിച്ച് കടൽ വെള്ളം ശുദ്ധീകരിക്കുന്നു.<br><br>**<u>വൈദ്യുതി</u>**<br>• തിരമാലകൾ, വേലികൾ എന്നിവ വൈദ്യുതി ഉല്പാദനത്തിന് ഉപയോഗപ്പെടുത്തുന്നു.<br>• തീരത്ത് ആഞ്ഞടിക്കുന്ന ശക്തമായ തിരമാലകൾ അവിടെ സ്ഥാപിച്ചിട്ടുള്ള ടർ ബൈനുകളെ കറക്കുന്നതിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു.<br>• വേലിയേറ്റ സമയത്ത് അകത്തേക്കും വേലിയിറക്ക സമയത്ത് പുറത്തേക്കും ജലം ശക്തമായി നീങ്ങുന്നതിന്റെ ഫലമായി ടർബൈനുകൾ കറങ്ങുന്നതിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു.<br>**<u>ഭക്ഷ്യ വിഭവങ്ങൾ</u>**<br>• മത്സ്യം ലഭിക്കുന്നു<br>• കടലിലെ സസ്യ ജന്തുജാലങ്ങൾ നിരവധി ഔഷധങ്ങളുടെ സ്രോതസ്സാണ്<br>• ആന്റിബയോട്ടിക്കുകൾ , സ്റ്റിറോയിഡുകൾ വൈറ്റമിനുകൾ എന്നിവയുടെ ഉൽപാദനത്തിനായി കടലിലെ സസ്യ ജന്തുജാലങ്ങളെ ഉപയോഗിക്കുന്നു<br>**OR**<br>**<u>അപരദന ഭൂരൂപങ്ങൾ</u>**<br>**<u>ചുണ്ണാമ്പു ഗുഹകൾ</u>**<br>• ചുണ്ണാമ്പ് ശിലാഭാഗങ്ങൾ ഭൂഗർഭജലവുമായി ലയിക്കുന്നതിന്റെ ഫലമായി രൂപം കൊള്ളുന്നവയാണ് ചുണ്ണാമ്പുഗുഹകൾ<br>• ചുണ്ണാമ്പുഗുഹകൾ അപരദന ഫലമായി രൂപം കൊള്ളുന്നവയാണ്<br>**<u>നിക്ഷേപണ ഭൂരൂപങ്ങൾ</u>**<br>**<u>സ്റ്റാലക് റ്റൈറ്റുകൾ</u>**<br>• ചുണ്ണാമ്പ് ശിലാഗുഹകളിൽ ജലവുമായി അലിഞ്ഞുചേർന്നുണ്ടായ ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ മേൽക്കൂരയിൽ നിന്ന് താഴേക്ക് തുള്ളിയായി വീഴുന്നു.<br>• ഇതിന്റെ കുറച്ചുഭാഗം ഗുഹയുടെ മേൽഭാഗത്ത് പറ്റിപ്പിടിച്ചിരിക്കുന്നു.<br>• ഈ പ്രക്രിയ ഏറെക്കാലം തുടരുന്നതിന്റെ ഫലമായി ഈ ചുണ്ണാമ്പു നിക്ഷേപരൂപങ്ങൾ തഴേക്ക് വളരുന്നതാണ് സ്റ്റാലക് റ്റൈറ്റുകൾ.<br>**<u>സ്റ്റാലഗ് മൈറ്റുകൾ</u>**<br>• ഗുഹയുടെ മേൽക്കൂരയിൽനിന്ന് തുള്ളിയായി വീഴുന്ന ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ അടിത്തറയിൽ വീഴുമ്പോൾ അവിടെ അടിഞ്ഞുകൂടുന്ന ചുണ്ണാമ്പുനിക്ഷേപം താഴെ നിന്ന് മുകളിലേക്കു വളരുന്ന ഭൂരൂപങ്ങൾ<br>**<u>ചുണ്ണാമ്പുശിലാസ്തംഭങ്ങൾ</u>**<br>• സ്റ്റാലക് റ്റൈറ്റുകളും സ്റ്റാലഗ് മൈറ്റുകളും കൂടുതൽ വളരുന്നതിലൂടെ അവ പരസ്പരം കൂടിച്ചേർന്ന് രൂപം കൊള്ളുന്നവയാണ് ചുണ്ണാമ്പുശിലാസ്തംഭങ്ങൾ | |
| **27** | ✗ ഭക്തി -സൂഫി പ്രബോധകർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചത് അതത് പ്രദേശത്തുള്ള ഭാഷകളിലായിരുന്നു<br>✗ ഇത് പ്രാദേശിക ഭാഷകളുടെ വളർച്ചക്ക് കാരണമായി<br>✗ ഹിന്ദിയുടെ രണ്ടു രൂപങ്ങളായ ബ്രജ് (വ്രജഭാഷ ), അവധി എന്നിവ സംസാരഭാഷയായി ഉപയോഗിക്കപ്പെട്ടിരുന്നു<br>✗ പഞ്ചാബി, കന്നട ,തെലുങ്കു, ഒറിയ, ആസാമീസ്, മറാത്തി, ബംഗാളി, സിന്ധി, | **6** |

മലയാളം എന്നീ ഭാഷകൾ അക്കാലത്ത് രൂപം കൊണ്ടു

- ✗ പേർഷ്യനും ഹിന്ദിയും തമ്മിലുള്ള ബന്ധത്തിന്റെ ഫലമായി ഉറുദു എന്ന പുതിയ ഭാഷ രൂപംകൊണ്ടു
- ✗ കേരളത്തിൽ അറബിയുടെ സ്വാധീനംമൂലം അറബിമലയാളം എന്ന പുതിയ മിശ്രഭാഷാരൂപം നിലവിൽവന്നു

| ഭാഷ | കൃതികൾ /സാഹിത്യശാഖ | രചയിതാക്കൾ |
|---|---|---|
| ബംഗാളി | മഹാഭാരതം ബംഗാളിയിലേക്ക് വിവർത്തനം ചെയ്തു | ശ്രീകരനന്ദി , കവീന്ദ്രൻ |
| മറാത്തി | ബംഗാളിരാമായണം<br>ഗീതകങ്ങൾ | കൃത്തിവാസ ഓജ<br>വമനപണ്ഡിത് |
| ഒറിയ | കാവ്യങ്ങൾ | സരളദാസ |
| തെലുങ്ക് | മഹാഭാരതം തെലുങ്കിലേക്കു വിവർത്തനം ചെയ്തു | നന്നയ്യ , തീക്കന ,യരപ്രഗദ |
| തമിഴ് | തിരുമുറൈ<br>നാലായിരദിവ്യപ്രബന്ധം | അപ്പർ, സംബന്ധർ<br>ആഴ്വാർമാർ |
| കന്നഡ | കാവിരാജമാർഗം | അമോഘവർഷൻ |
| മലയാളം | അദ്ധ്യാത്മരാമായണം കിളിപ്പാട്ട് | എഴുത്തച്ഛൻ |

**OR**

- ചോളരാജാക്കന്മാർ രാജ്യത്തെ മണ്ഡലങ്ങൾ, വളനാടുകൾ, നാടുകൾ, കൊട്ടം എന്നിങ്ങനെ വിഭജിച്ചിരുന്നു.
- സ്വയംഭരണാധികാരമുള്ള ഗ്രാമങ്ങളുടെ സമൂഹമായിരുന്നു കൊട്ടം.
- ഗ്രാമഭരണവുമായി ബന്ധപ്പെട്ട ചുമതലകളും അധികാരങ്ങളും ഗ്രാമീണജനതയിൽ നിക്ഷിപ്തമായിരുന്നു.
- ഗ്രാമഭരണത്തിനായി ഊർ, സഭ എന്നീ രണ്ട് സമിതികൾ പ്രവർത്തിച്ചിരുന്നു.
- ഗ്രാമത്തിലെ എല്ലാ ജനങ്ങളും ഉൾപ്പെടുന്നതാണ് ഊർ.
- ബ്രാഹ്മണർ മാത്രം ഉൾപ്പെട്ടതായിരുന്നു സഭ.

*COLIN JOSE .E*
*DR.AMMR GOVT HSS, KATTELA*
*THIRUVANANTHAPURAM*

*BIJU. M*
*GHSS PARAPPA*
*KASARGOD*